**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2339** **12-12-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിൽ അവശ്യവസ്തുക്കൾ ലഭ്യമാക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഐ.സി.യു.വിന് പുറത്തും വാർഡിനുള്ളിലും രോഗികൾക്ക് കൂട്ടിരിക്കുന്നവരുടെ എണ്ണം ഒന്നായി നിജപ്പെടുത്തുവാൻ തീരുമാനിക്കുകയുണ്ടായോ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മിക്ക മെഡിക്കൽ കോളേജാശുപത്രികളിലും തിരക്ക് നിയന്ത്രിക്കുന്നതിനായി ഐ.സി.യു. വിനു പുറത്തും വാർഡിലും രോഗികൾക്ക് കൂട്ടിരിക്കുന്നവരുടെ എണ്ണം ഒന്ന് എന്ന കണക്കിൽ നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, കിടപ്പ രോഗികൾക്കും ഗുരുതരമായ രോഗാവസ്ഥയിലുള്ളവർക്കും ചികിത്സിക്കുന്ന ഡോക്ടറുടെ നിർദ്ദേശപ്രകാരം രണ്ട് കൂട്ടിരിപ്പുകാരെ അനുവദിക്കുന്നുണ്ട്. |
| (ബി) | റഫറൽ ആശുപത്രി എന്ന നിലയിൽ മറ്റ് ആശുപത്രികളിൽ ചികിത്സ നേടിയ ശേഷം ഗുരുതരാവസ്ഥയിൽ മെഡിക്കൽ കോളേജുകളിൽ എത്തുന്ന രോഗികൾക്കായി മരുന്നുകൾ വാങ്ങുന്നതിനും മാറാനുള്ള വസ്ത്രം, ഡയപ്പറുകൾ, ആഹാരം, മറ്റു ജീവൻ രക്ഷാ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനുമായി ഒരു ദിവസം തന്നെ പലതവണ കൂട്ടിരിപ്പുകാർക്ക് ആശുപത്രിക്ക് പുറത്തു പോകേണ്ടിവരുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ; | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികളിലും അനുബന്ധമായുള്ള ആശുപത്രികളിലും ഒരാൾ അഡ്മിറ്റാകുന്ന സമയത്ത് രോഗിയുടെ കൂട്ടിരിപ്പുകാർക്ക് പാസ് അനുവദിക്കുന്നുണ്ട്. ഈ പാസ് ഉപയോഗിച്ച് രോഗിയുടെ കൂട്ടിരിപ്പുകാർക്ക് പുറത്തു പോകാനും തിരികെ വരാനും നിലവിൽ അനുവാദം നൽകിയിട്ടുണ്ട്. കെ.എം.എസ്.സി.എൽ വഴി ലഭിക്കുന്ന മരുന്നുകളും ഉപകരണങ്ങളും രോഗികൾക്ക് സൗജന്യമായി നൽകി വരുന്നു. രോഗികൾക്ക് ആശുപത്രിയിൽ നിന്നും ലഭിക്കാത്ത മരുന്നുകൾ വാങ്ങുന്നതിനായി വകുപ്പിനു കീഴിലുള്ള ഒട്ടുമിക്ക ആശുപത്രികളിലും കാരുണ്യ ഫാർമസി, എച്ച്.ഡി.എസ് മരുന്നു ഷോപ്പ്, ന്യായവില മരുന്നു ഷോപ്പുകൾ എന്നിവ ക്യാമ്പസിനുള്ളിൽത്തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. വസ്ത്രം, ഡയപ്പറുകൾ, ആഹാരം തുടങ്ങിയവ വാങ്ങുന്നതിനായി ക്യാമ്പസ്സിനുള്ളിൽത്തന്നെ കൺസ്യൂമർ സ്റ്റോറുകൾ, ചെറിയ ഔട്ട് ലെറ്റുകൾ, ക്യാന്റീൻ, കഫറ്റീരിയ തുടങ്ങിയവ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതു മൂലം ആശുപത്രി കോമ്പൗണ്ടിനു വെളിയിൽ പോകാതെ തന്നെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം കൂട്ടിരിപ്പുകാർക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. വാർദ്ധക്യാവസ്ഥയിലുള്ളവർക്കും കടുത്ത അവശത |

| | | | |
|---|---|---|---|
| | | | അനുഭവിക്കുന്ന രോഗികൾക്കും രണ്ടു കൂട്ടിരിപ്പുകാരെ അനുവദിക്കാറുണ്ട്. |
| (സി) | വാർദ്ധക്യാവസ്ഥയിലുള്ളവരോ വികലാംഗരോ അവശതകൾ അനുഭവിക്കുന്നവരോ സ്ത്രീകൾ മാത്രം കൂട്ടിരിപ്പുകാരായി ഇരിക്കേണ്ടി വരുന്നവരോ ആയിട്ടുള്ളവർക്ക് ഇത്തരം സാഹചര്യങ്ങളിൽ പ്രത്യേകിച്ച് രാത്രികാലങ്ങളിൽ പലതവണ ആശുപത്രിക്ക് പുറത്തുപോയി വരേണ്ടി വരുന്നത് കടുത്ത ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു എന്നത് സർക്കാർ പരിഗണിക്കുകയുണ്ടായോ; | (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികളിലും അനുബന്ധമായുള്ള ആശുപത്രികളിലും ഒരാൾ അഡ്മിറ്റാകുന്ന സമയത്ത് രോഗിയുടെ കൂട്ടിരിപ്പുകാർക്ക് പാസ് അനുവദിക്കുന്നുണ്ട്. ഈ പാസ് ഉപയോഗിച്ച് രോഗിയുടെ കൂട്ടിരിപ്പുകാർക്ക് പുറത്തു പോകാനും തിരികെ വരാനും നിലവിൽ അനുവാദം നൽകിയിട്ടുണ്ട്. കെ.എം.എസ്.സി.എൽ വഴി ലഭിക്കുന്ന മരുന്നുകളും ഉപകരണങ്ങളും രോഗികൾക്ക് സൗജന്യമായി നൽകി വരുന്നു. രോഗികൾക്ക് ആശുപത്രിയിൽ നിന്നും ലഭിക്കാത്ത മരുന്നുകൾ വാങ്ങുന്നതിനായി വകപ്പിനു കീഴിലുള്ള ഒട്ടുമിക്ക ആശുപത്രികളിലും കാരുണ്യ ഫാർമസി, എച്ച്.ഡി.എസ് മരുന്നു ഷോപ്പ്, ന്യായവില മരുന്നു ഷോപ്പുകൾ എന്നിവ ക്യാമ്പസിനുള്ളിൽത്തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. വസ്ത്രം, ഡയപ്പറുകൾ, ആഹാരം തുടങ്ങിയവ വാങ്ങുന്നതിനായി ക്യാമ്പസ്സിനുള്ളിൽത്തന്നെ കൺസ്യൂമർ സ്റ്റോറുകൾ, ചെറിയ ഔട്ട് ലെറ്റുകൾ, ക്യാന്റീൻ, കഫറ്റീരിയ തുടങ്ങിയവ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതു മൂലം ആശുപത്രി കോമ്പൗണ്ടിനു വെളിയിൽ പോകാതെ തന്നെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം കൂട്ടിരിപ്പുകാർക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. വാർദ്ധക്യാവസ്ഥയിലുള്ളവർക്കും കടുത്ത അവശത അനുഭവിക്കുന്ന രോഗികൾക്കും രണ്ടു കൂട്ടിരിപ്പുകാരെ അനുവദിക്കാറുണ്ട്. |
| (ഡി) | എങ്കിൽ ഗുരുതരാവസ്ഥയിലുള്ള രോഗികളുടെ കാര്യത്തിലെങ്കിലും മരുന്നുകളും ആശുപത്രി വസ്ത്രങ്ങളും ഡയപ്പറുകളും മറ്റു മെഡിക്കൽ ഉപകരണങ്ങളും ഉൾപ്പെടെ അവശ്യവസ്തുക്കൾ ആശുപത്രികളിൽ തന്നെ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലെ ഒട്ടുമിക്ക മെഡിക്കൽ കോളേജിലും അനുബന്ധമായുള്ള ആശുപത്രികളിലും ആശുപത്രിക്കകത്തുതന്നെ അല്ലെങ്കിൽ ആശുപത്രി കോമ്പൗണ്ടിനുള്ളിൽത്തന്നെ ആവശ്യ മരുന്നുകളും മറ്റ് ആവശ്യ വസ്തുക്കളും ലഭിക്കുന്നതിനുള്ള മെഡിക്കൽ സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ, സ്റ്റേഷനറി സ്റ്റോറുകൾ എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ